വിഭാഗം തിരിച്ച് തടത്തുകയും കേരള സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിക്കുകയും ചെയ്തു. കലാ-കായിക-പ്രവൃത്തി പരിചയ അദ്ധ്യാപകരുടെ 2685 താൽക്കാലിക തസ്തികകൾ എം.എച്ച്.ആർ.ഡി. അനുവദിച്ച് നൽകുകയും ഇവരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. 2018-19 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ കലാകായിക അദ്ധ്യാപകർക്ക് പരിശീലനം നൽകുന്ന തിനായി ഫണ്ട് വകയിരുത്തുകയും പരിശീലനം നൽകി വരികയും ചെയ്യുന്നു. കലാ-കായിക-സാംസ്കാരിക പാർക്കുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചു.

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ കലാ-കായിക സാംസ്കാരിക പാർക്കുകൾ നിർമ്മിക്കുന്നതിന് 700 ലക്ഷം രൂപ 4202-01-202-83 (പി) എന്ന ശീർഷകത്തിൽ വകകൊള്ളിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു ജില്ലയിൽ ഒരു വിദ്യാലയത്തിന് 50 ലക്ഷം രൂപ വീതം അനുവദിച്ച് ഭരണാനുമതി നൽകുകയുമുണ്ടായി. എന്നാൽ സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ 2018-19 സാമ്പത്തിക വർഷത്തിലെ പദ്ധതിയിനത്തിൽ നിന്നും ഈ പദ്ധതിയുടെ തുക കുറവ് ചെയ്യേണ്ടിവരുകയും പദ്ധതി മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കാതെ വരികയും ചെയ്തു.

**പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീക്രട്ട് സെക്ഷൻ**

239(1309) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീക്രട്ട് സെക്ഷനിൽ അതീവ പ്രാധാന്യമുള്ള ഫയലുകളും മറ്റ് തപാലുകളും ഒപ്പിട്ട് വാങ്ങുവാനുള്ള അധികാരം ആർക്കെല്ലാമാണ്; ഇതിന്റെ വിശദാംശം നൽകുമോ;

(ബി) ഇക്കഴിഞ്ഞ ഡിസംബർ 31-ന് ഒപ്പിട്ടുവാങ്ങുവാൻ അധികാരമുള്ളവർ ഓഫീസിൽ ഉണ്ടായിരിക്കെ സെക്യൂരിറ്റി ചുമതലയുള്ളയാൾ തപാലുകളും മറ്റും ഒപ്പിട്ടു വാങ്ങിയെന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഇതിന്റെ വിശദവിവരം നൽകുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ വരുന്ന തപാലുകളാണ് സീക്രട്ട് സെക്ഷനിൽ ഒപ്പിട്ടുവാങ്ങാറുള്ളത്. പി.എ., സി.എ., ജൂനിയർ സൂപ്രണ്ട് എന്നിവരാണ് ഒപ്പിട്ടുവാങ്ങുന്നത്. സാധാരണ തപാലുകൾ തപാൽ സെക്ഷനിലാണ് സ്വീകരിക്കുന്നത്.

(ബി) മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെടുകയോ ഡിസംബർ 31-ന് തപാലുകൾ സ്വീകരിക്കുവാൻ കഴിഞ്ഞില്ലായെന്നത് സംബന്ധിച്ച് പരാതി ലഭിക്കുകയോ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly